

എറണാകുളം മിസ്സം

VOL. I. മെയ് ൧൯൨൨. No. VIII.

വിഷയവിവരം.

		പക്ഷം.
൧.	പത്രോസിന്റെ കാല്ലു്	൧൮൨
൨.	പ്രൊപ്പഗാന്ത സംഘത്തിന്റെ ജുബിലി	൧൮൩
൩.	ക. തിരുഹൃദയം	൧൮൪
൪.	കച്ചേരിക്കായ്മം	൧൮൯
൫.	പെത്തിസെമിനാരി	»

Digitized by Google

എറണാകുളം മിസ്സം.

Vol. I മെയ് 1922. No. VIII.

പത്രോസിന്റെ കാര്യം.

ഈ മിസ്സത്തിൽ കഴിഞ്ഞ കൊല്ലം പിരിഞ്ഞ "പത്രോസിന്റെ കാര്യം" റോമയിലേക്കു അയച്ച വിവരം പ്രസ്താവിച്ചിരുന്നുവല്ലൊ. ആ വകയ്ക്കു പാപ്പാ രൂപത്തിൽ പരിശുദ്ധ പിതാവു സന്തോഷപൂർവ്വം സ്വീകരിക്കയും അതിലേക്കു ധർമ്മസഹായം ചെയ്തിട്ടുള്ള ഓരോരുത്തരേയും കൃതജ്ഞതയോടെ ആശീർവ്വദിക്കയും ചെയ്തിരിക്കുന്ന വിവരം കാണിച്ചു അ. ഉ. ശസ്ത്രി കട്ടിനാൽ അവർകൾ അയച്ച എഴുത്തു മുവശത്തു ചേർക്കുന്നു. ഈ കൊല്ലത്തിലും ഉത്സാഹപൂർവ്വം, പെട്ടി വച്ചിട്ടുള്ള സ്ഥലങ്ങളിൽ ആ സംഗതിയെ ഓർപ്പിച്ചും ആളയച്ചു പിരിക്കുന്ന സ്ഥലങ്ങളിൽ അങ്ങനെ ചെയ്തും, പതിവുപോലെ വിശ്വാസികൾ മനസ്സാലെ തരുന്ന പിരിവെടുത്തു, പരിശുദ്ധ സിംഹാസനത്തിങ്കലേക്കു അയച്ചുകൊടുക്കുന്നതിനായി, വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ കഴിഞ്ഞാൽ രണ്ടാഴ്ചക്കകം ഇവിടെ അയച്ചുതരണം. പ്രസ്തുത തിരുനാൾദിവസം ടി. പിരിവിനെസംബന്ധിച്ചു ഒരു ഉപദേശം പറയുന്നതു നന്നായിരിക്കും.

കല്പനപ്രകാരം,

സെക്രട്ടരി,

പയ്യപ്പള്ളി മത്തായി ക.

DAL VATICANO, die 6 Aprilis 1922.

SEGRETERIA DI STATO
DI SUA SANTITA.

No 1912.
DA CITARSI NELLA RISPOSTA.

ILLME AC REVME DOMINE,

Merito quidem gratam acceptamque habuit Augustus Pontifex petrianam stipem Rs 419 quam tu nuper quorumdam fidelium nomine, per istam Delegationem Apostolicam reverenter mittendam curavisti.

Cum enim quidquid subsidii Apostolicae Sedi praebetur in id conferat ut plurima fidei et caritatis opera per orbem terrarum universum sustententur, idcirco in ipsius fidei et caritatis professionem ista oblatio demum recidit.

Itaque debitas grates donatoribus singulis persolvit amantissimus Pater; Qui amplissimam a Deo implorans pro delato officio remunerationem, in eiusdem auspicium itemque ut paternae benevolentiae pignus, Apostolicam Benedictionem Amplitudini Tuae cunctoque clero ac populo vigilantiae tuae credito peramanter impertit.

Ego vero, sensus existimationis maximae erga te meae profiteor, quibus sum et permanere gaudeo

Amplitudini Tuae Addictissimus
P. C. GASPARRI.

Illmo ac Revmo
Domino AUGUSTINO KANDATHIL
EPISCOPO TIT. ARADENSI
eidemque Vicario Apostolico Ernaculamensi
pro Siro-Malabaricis
ERNACULAM.

പ്രൊപ്പഗാന്ത സംഘത്തിന്റെ ജൂബിലി.

———:o:———

No. 30.

ദൈവകൃപയാലും
ശ്ലീഹായുടെ സിംഹാസനത്തിന്റെ മനോഹ്ലാദത്താലും
എറണാകുളം വികാരി അപ്പസ്തോലിക്കയാകുന്ന

നാം
കുണ്ടത്തിൽ ആഗ്രസ്തീനോസ്

ആരാദ് എന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാക്കും, അസിസ്റ്റന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ ബ. ശ്രേഷ്ഠന്മാക്കും, മറു സന്ന്യാസാന്തസ്സുകാക്കും, വിശ്വാസികൾ എല്ലാവക്കും നമ്മുടെകത്താവീശോ മ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സ്ഹോദരർരെ, പ്രിയ മക്കളെ,

കത്തോലിക്കാസഭയുടെ തലസ്ഥാനമായ റോമാപ്പട്ടണത്തിൽ നടത്തുവരുന്ന പന്തക്കുസ്താ (അമ്പതാംതിരുനാൾ) ഞായറാഴ്ചയും അതിനു മുമ്പുള്ള ഏതാനും ദിവസങ്ങളും അസാധാരണമായ ആഘോഷദിവസങ്ങൾ ആയിരിക്കുന്നു. ഈ അവസരത്തിൽ ആഘോഷിക്കപ്പെടുന്നത് "നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിപ്പിൻ" (വി. മർക്കോസ് 16-ാ. 15-ാ.) എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ കല്പനയനുസരിച്ച്, ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷജോലി നടത്തുന്നതിനും തത്സംബന്ധമായ സകലകാര്യങ്ങളും അനുഷ്ഠിക്കുന്നതിനുമായി റോമായിൽ ഏർപ്പെടുത്തപ്പെട്ട വിശ്വവിശ്രുതമായ പ്രൊപ്പഗാന്ത (വേദപ്രചരണ) തിരുസംഘത്തിന്റെ മൂന്നാംശതാബ്ദപൂർത്തിയാകുന്നു. ഭാഗ്യസ്മരണാർഹനായ 15-ാമത്തെ ഗ്രിഗോരിയോസ് മാപ്പാപ്പാ 1622-ാംകാമം ജൂൺമാസം 22-ാം തീയതി ആകുന്ന ഈ തിരുസംഘത്തെ ആഘോഷപൂർവം സ്ഥാപിച്ചതു്.

അതിൽപിന്നെ കടന്നുപോയിട്ടുള്ള മുന്നൂറു കൊല്ലങ്ങൾക്കുള്ളിൽ ഈ തിരുസംഘംവഴിയായി മാപ്പാപ്പാമാരും മറു വൈദികരും, ധനവാന്മാരും സാധുക്കളുമായ വിശ്വാസികളും മതപ്രചാരത്തിനും മനുഷ്യസം

സ്സാരത്തിനുംവേണ്ടി ലോകമാസകലം ചെയ്തിട്ടുള്ള വേലകളും സഹായങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള നന്മകളും അവണ്ണനീയങ്ങളത്രെ. ഇവകളെ കൃതജ്ഞതാപൂർവ്വം ഓർക്കയും സകല നന്മകളുടെയും പ്രവർത്തകനും ഏറ്റവും വലിയവനും എന്നുമുള്ളവനുമായിരിക്കുന്ന ദൈവത്തോടു ആഘോഷമായ വിധത്തിൽ ഉപകാരസ്മരണ കാണിക്കേണ്ടതും യുക്തിയുക്തമായിരിക്കുന്നു.

എന്നാൽ ബ. സഹോദരരെ, പ്രിയപ്പെട്ട മക്കളെ, സുവിശേഷവേലയിൽ കൂസ്യാറികളായ നമുക്കു ഓരോരുത്തർക്കുമുള്ള കടമയെ യഥാശക്തി നിവർഹിക്കുന്നതിനു വേദപ്രചാരസംഘം ഈ വികാരിയാത്തിൽ സ്ഥാപിക്കപ്പെട്ടിട്ടു നാലഞ്ചു മാസങ്ങൾ കഴിഞ്ഞിരിക്കുന്നുവെന്നതു നമ്മെ ഈ അവസരത്തിൽ സന്തോഷചിത്തരാകിത്തീർക്കുന്നു. ഈ അവസരത്തിൽ നമ്മുടെ ദൃഷ്ടി പ്രത്യേകിച്ചു പതിയേണ്ടതു് റിഫോർമ്മസഭയുടെ ഐക്യതയിൽനിന്നു വേർതിരിഞ്ഞുപോയവരും ഇപ്പോഴും നിർഭാഗ്യവശാൽ അങ്ങിനെ നിലനില്ക്കുന്നവരും നമ്മുടെ സ്വന്ത സഹോദരങ്ങളായ യാക്കോബായക്കാർ മുതലായവരുടെ പുനരൈക്യത്തിലാണ്. ഈ പുനരൈക്യത്തെ കാംക്ഷിക്കുന്നവരും യഥാർത്ഥക്രീസ്തുസഭയെ അറിഞ്ഞാൽ അതിൽ ചേരുവാൻ ആഗ്രഹിക്കുന്നവരും അവരുടെ ഇടയിൽ ധാരാളമുണ്ട്. അപ്രകാരം തന്നെ "അന്ധകാരത്തിലും മരണത്തിൻനേർനിഴലിലും" ഇരിക്കുന്ന ഹിന്ദുസഹോദരങ്ങളുടെ സ്ഥിതിയും നാം കാണുന്നുവല്ലൊ. "കുഞ്ഞുങ്ങൾ അപ്പം ചോദിച്ചു; മുറിച്ചുകൊടുക്കുവാൻ ആളില്ലായിരുന്നു" എന്നുള്ള വി. വേദാഗമത്തിലെ ശാസനക്കു നാം പാത്രീഭവിക്കാതിരിക്കുന്നതിനു്, ഓ! ക്രൈസ്തികരെ! നിങ്ങൾ ഉണർച്ചയുള്ളവരായിരുന്നു വേല ചെയ്വിൻ. ഓ! വിശ്വാസികളെ! നിങ്ങളുടെ കർത്തവ്യകർമ്മങ്ങളെ നിങ്ങളോർപ്പിൻ. വഴിതെറ്റി നടക്കുന്ന ഈ ജനങ്ങളുടെ ഇടയിൽ നിങ്ങൾ സഞ്ചരിപ്പിൻ. സത്യവഴി അവർക്കു കാട്ടിക്കൊടുപ്പിൻ.

"വിശ്വാസം കേൾവിവഴിക്കും കേൾവി മ്ശിഹായുടെ വാക്കുവഴിക്കും വരുന്നു" (റോമ. ൧൦. ൧൭.) എന്നു വി. പൌലോസ്ശ്ലീഹാപഠിപ്പിക്കുന്നു. അതിനാൽ നിത്യരക്ഷക്കു ആവശ്യമായ സത്യവിശ്വാസം ഒരുവനു ലഭിക്കണമെങ്കിൽ മ്ശിഹായുടെ വാക്കു് എന്താണെന്നു് അവനെ ആദ്യമേ നാം ഗ്രഹിപ്പിക്കേണ്ടതു് ആവശ്യമാണ്. ഇപ്രകാരം ഗ്രഹിപ്പിക്കേണ്ട ജോലി റിഫോർമ്മസഭയിൽ പഠിപ്പിക്കുന്നവരായ വൈദികരുടെ പ്രധാനമായി ഏല്പിച്ചിരിക്കുന്നുവെങ്കിലും വിശ്വാസികളെ ഈ ചുമതലയിൽനിന്നു ഒഴിച്ചിട്ടില്ല, എന്നുള്ളതും മറുവാൻ നമ്മുടെ ഇടയലേഖനം വഴിയായി നാം അറിയിച്ചിട്ടുണ്ടല്ലൊ. ഉത്തമഭിഷ്ടാനംകൊണ്ടും അപേക്ഷ, ദാനധർമ്മം മുതലായവകൊണ്ടും ജ്ഞാനമില്ലാത്തവർക്കു വേണ്ടുന്നതു പറഞ്ഞുകൊടുത്തു പഠി

പ്പിച്ചും പുസ്തകങ്ങൾ ലഘുലേഖകൾ മുതലായവ എഴുതി പ്രചരിപ്പിച്ചും കൂ
സുമഗ്രന്ഥാവലി പോലെയുള്ള പ്രസിദ്ധീകരണങ്ങൾ വരുത്തിക്കൊടുത്തും
ഈ കാര്യനിർവഹണത്തിൽ കഴിയുന്ന സഹായങ്ങൾ ഓരോ കൂസ്യാനിയും
ചെയ്യാൻ കടപ്പെട്ടവനാകുന്നു. "ഭൂമിയിൽ അഗ്നിയിടുവാൻ ഞാൻ വന്നു,
അതു കത്തിയെരിവാൻ അല്ലാതെ ഞാൻ ആഗ്രഹിക്കുന്നതെന്തു?" (വി. ലൂ
ക്കാ. ഫ. ഫ. ഫ.) എന്നു നമ്മുടെ ദിവ്യരക്ഷകൻ ചോദിക്കുന്നു. സുവിശേഷ
ജോലിയിലും ആത്മാക്കളുടെ രക്ഷയിലും എല്ലാ കൂസ്യാനികൾക്കും ഉണ്ടായിരി
ക്കേണ്ട ശുഷ്കാന്തിയെ അത്രെ അവിടുന്നു അഗ്നിയൊട് താരതമ്യപ്പെടുത്തുന്ന
തു്. ഈ അഗ്നി തിരുസഭ ഒട്ടുക്കു കത്തിയെരിഞ്ഞു കാണ്മാനാകുന്നു അവിടുന്നു
കാംക്ഷിക്കുന്നതു്. ഈ ശുഷ്കാന്തിയെ നിങ്ങൾ കാണിക്കേണ്ടതു സർവ്വപ്രധാ
നമായി നിങ്ങളുടെ ജീവിത മാതൃകയിലായിരിക്കുന്നു. "കളുഷമതികളും വ
ഷളരുമായ ഒരു ജാതിക്കാരുടെ മദ്ധ്യേ, നിങ്ങൾ പരമാർത്ഥികളും കുറ്റമറ്റവ
രും ദൈവത്തിന്റെ നിഷ്കളങ്കപുത്രരുമായിരിപ്പിൻ. ലോകത്തിൽ നക്ഷത്ര
ങ്ങൾപോലെ അവരുടെയിടയിൽ നിങ്ങൾ വിളങ്ങി പ്രകാശിപ്പിൻ (ഫിലി.
ഫ.. ഫ൫). "നിങ്ങൾ ഒരിക്കൽ അന്ധകാരത്തിലായിരുന്നു. ഇപ്പോളാകട്ടെ നാ
മുടെ കർത്താവിൽ നിങ്ങൾപോലും പ്രകാശമുണ്ടായിരിക്കുന്നു. പ്രകാശത്തിന്റെ
പുത്രരെപ്പോലെ നടക്കുവിൻ" (അപ്പസ്തോ ഫ. വ്യ.) എന്നു വി. പൌലോസ്
ശ്ലീഹായോടു കൂടി ഈ അവസരത്തിൽ നാം നിങ്ങളോടുപദേശിക്കുന്നു.

എന്നാൽ സമുദായനേതാക്കന്മാരും ജനപ്രമാണികളുമായ ചിലർ ത
ങ്ങളുടെ സ്വാധീനത്തിലുള്ള താണജാതിക്കാരെ മാനസാന്തരപ്പെടുത്തുന്ന
കാര്യത്തിൽ ഒരു നിഷ്പക്ഷനിലയെ — "ഞങ്ങൾക്കു വിരോധമില്ല. മന
സ്സുള്ളവർ മാമ്മോദീസമുങ്ങുകയോ മുങ്ങുകയോ ചെയ്യട്ടെ" എന്നൊരു സ്ഥി
തിയെ — അവലംബിച്ചു കാണുന്നതു എന്തുകൊണ്ടും പരിതാപകരമായിരിക്കുന്നു.
തങ്ങളുടെ കൂലിവേലകൾക്കു തടസ്സം നേരിടുമെന്നുള്ള മിഥ്യാബോധത്താൽ
ഇപ്പോളത്തെ സ്ഥിതിയിൽ തന്നെ അവരെ വച്ചുകൊണ്ടിരിക്കണമെന്നു് വി
ചാരിക്കുന്ന വല്ല ധനികന്മാരുമുണ്ടെങ്കിൽ ഓ, ഭയങ്കരം! "ധനവാൻ സ്വ
ർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചികുഴയിൽ കൂടി കട
ക്കുന്നതു അധികം എളുപ്പമാകുന്നു." (വി. മത്തായി ഫ൯-വ൬) എന്നു ന
മ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു് അങ്ങിനെയുള്ള ധനവാ
ന്മാരെക്കുറിച്ചാണെന്നോർത്തു നാം ഭയപ്പെടുന്നു. സകല മനുഷ്യർക്കുംവേണ്ടി
ചിന്തപ്പെട്ട നമ്മുടെ കർത്താവിന്റെ തിരുരക്തത്തിൽ അവരെയും പങ്കുകാരാ
ക്കുന്ന കാര്യത്തിൽ, പ്രിയപ്പെട്ട മക്കളെ, നിങ്ങൾക്കു ആർക്കെങ്കിലും എങ്ങി
നെ നിഷ്പക്ഷമായി നില്ക്കാൻ കഴിയും? "എന്റെ കൂടെ ചേരാത്ത

ക്കാത്തവൻ ചിതറിച്ചുകളയുന്നു" (വി. ലൂക്കാ ൨൨. ൫൩) എന്നല്ലയോ നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്? ആ സാധുക്കളുടെ ആത്മാക്കളിൽ ഒന്നുപോലും, നിങ്ങളുടെ ഉത്സാഹക്കുറവിനാൽ നിത്യനാശത്തിൽ ഉൾപ്പെട്ടുവാൻ ഇടയാകുന്നു എങ്കിൽ, നിങ്ങൾ നിത്യഭാഗ്യത്തിൽ പ്രവേശിക്കുമെന്നു് എങ്ങിനെ ശരണപ്പെട്ടുകൊണ്ടിരിക്കും? നിങ്ങളുടെ വേലക്കാരായ പുലയർ മുതലായവർ ഇപ്പോളത്തെ സ്ഥിതിയിൽ എന്നും നിൽക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? നേരെമറിച്ചു് അവരെ നല്ല ക്രിസ്ത്യാനികളാക്കിത്തീർക്കുന്നു എങ്കിൽ നിങ്ങളെ അവർ കൂട്ടുതലായി സ്നേഹിക്കുകയും നിങ്ങളുടെ വേലകാര്യങ്ങളെ വിശ്വസ്തതയോടെ അവർ നടത്തുകയും ചെയ്യും. മാത്രമല്ല സ്വർഗ്ഗരാജ്യത്തിൽ അവർ നിങ്ങളുടെ കിരീടവുമായിരിക്കും.

സമുദായസംബന്ധമോ രാജ്യകാര്യവിഷയകമോ ആയ ഏതെങ്കിലും ഒരുദ്യമത്തിൽ നേതൃസ്ഥാനം വഹിക്കുന്നതു് ഒരു വലിയ മാനമായി നിങ്ങൾ കരുതുന്നു. എന്നാൽ സ്വർഗ്ഗീയസമുദായത്തിൽ, മ്ശിഹായുടെ രാജ്യകാര്യത്തിൽ, അജ്ഞതാന്ധകാരത്തിൽ കിടന്നുഴലുന്ന സഹോദരങ്ങൾക്കു രക്ഷാമാർഗ്ഗത്തെ കാണിച്ചുകൊടുക്കുന്ന സുവിശേഷകവേലയിൽ, നായകസ്ഥാനം വഹിക്കുന്നതു് അതിനെക്കാൾ എത്രയോ അധികം വലുതും നിലനില്ക്കുന്നതുമായ ഒരു ബഹുമതിയാകുന്നു? "തെറ്റായ മാർഗ്ഗത്തിൽനിന്നു ഒരു പാപി മനസ്സുതിരിയുവാൻ കാരണക്കാരനാകുന്ന മനുഷ്യൻ തന്റെ സ്വന്ത ആത്മാവിനെ രക്ഷിക്കുകയും തന്റെ അനേക പാപങ്ങൾക്കു വിമോചനം നേടുകയും ചെയ്യും," (വി. യാക്കോ. ൫–൨൦) എന്നു പരിശുദ്ധ അപ്പൊസ്തലനും പഠിപ്പിക്കുന്നു. അതിനാൽ ബ. സഹോദരങ്ങളെ! പ്രിയപ്പെട്ട മക്കളെ! നിങ്ങളുടെ സൌഭാഗ്യത്തെ ഉറപ്പിച്ചു്, ശരണത്തിലും സമാധാനത്തിലും ജീവിക്കുന്നതിനായി, നിങ്ങളാൽ കഴിയുന്നേടത്തോളം ആത്മാക്കളെ നിത്യരക്ഷയുടെ വഴിയിലാക്കുവാൻ ഉണർച്ചയോടെ പരിശ്രമിപ്പിൻ.

മേൽപ്രസ്താവിച്ചതുപോലെ, പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ ആഘോഷദിവസങ്ങളായ ജൂൺമാസം ൨൦ ൩൰ ൨൰ തീയതികളിൽ സത്യവേദപ്രചാരത്തിനായി മൂഹാദക്കുദശായുടെ സഹായം അപേക്ഷിച്ചുകൊണ്ടു ഒരു തിരുവം എല്ലാപള്ളികളിലും കഴിക്കണം. ൨-ാംന-യായ പന്തക്കുസ്താഞായറാഴ്ച പാട്ടുകുർബാന, അപേക്ഷ, ശ്ലൂ. കുർബാനയുടെ വാഴ്ച, മുതലായവ നടത്തുകയും അജ്ഞാനികളുടെ മനസ്സുതിരിവിനേയും, യാക്കോബായക്കാരാദിയായവരുടെപുനരൈക്യത്തെയും, ഇവകളെ യഥാശക്തി സാധിക്കുന്നതിനു വിശ്വാസികൾക്കുള്ള ചുമതലയേയുംസംബന്ധിച്ചു് ഒരു ഉപദേശം പറയുക

യും വേണ്ടാ. തിരുവാ കഴിക്കുന്ന ഓരോ ദിവസങ്ങളിലും ശ്ലൂഹീകരണസ്ഥല ത്തിലെ ആത്മാക്കൾക്കായി കാഴ്ചവയ്ക്കുവാനുള്ള 30 ദിവസത്തെ ദണ്ഡവിമോ ചനവും പന്തക്കുസ്താദിവസത്തിൽ കുമ്പസാരിച്ചു ശ്ലൂ. കുർബ്ബാന കൈ ക്കൊണ്ടു തിരുസഭയുടെ നിയോഗപ്രകാരം വേദപ്രചരണത്തിനായി അ പേക്ഷിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനവും പരിശുദ്ധ പിതാവു ദയവാ യി അനുവദിച്ചിട്ടുള്ള വിവരം മുമ്പേക്കൂട്ടി ജനങ്ങളെ അറിയിക്കേണ്ടതാകുന്നു. ഈ അപേക്ഷ കഴിക്കുന്ന എല്ലാ പള്ളികളിലും ജോലിനോക്കുന്ന പട്ടക്കാ രുടെ ചാർപ്പുപ്പായ്ക്കുടുത്ത ആശീർവ്വാദം കൊടുക്കുന്നതിനും, പരിശുദ്ധപിതാവി ന്റെ പ്രത്യേക കല്പനപ്രകാരം നാം ഇതിനാൽ അനുവദിക്കുന്നു.

സെഹിയോനിൽവച്ചു ശ്ലീഹന്മാർ രൂഹാദക്കുദ്ശാതമ്പുരാനെ കൈ ക്കൊണ്ടു, ക്രിസ്തീയവിശ്വാസത്തെ ആദ്യമായി പ്രസംഗിച്ച ദിവസവും റോ മായിൽ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ മൂന്നാം ശതാബ്ദപൂർത്തി ആ ഘോഷിക്കുന്ന അവസരവും അന്നാകയാൽ, ആ ദിവസം നമ്മുടെ വികാരി യാത്തിൽ തുടങ്ങിയിട്ടുള്ള വേദപ്രചാരസംഘം ഇനിയും സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകൾ ഉണ്ടെങ്കിൽ അവിടെ സ്ഥാപിക്കുന്നതും സ്ഥാപിച്ചിട്ടുള്ള ഇ ടവകകളിൽ മീറ്റിംഗ് കൂടിയൊ മറ്റൊ വേദപ്രചാരത്തെ സംബന്ധിച്ചുള്ള ഉപന്യാസങ്ങളും, "മിസ്സ്" മാസികയിലെ ലേഖനങ്ങളും വായിക്കുന്നതും ഉ പദേശങ്ങളും, പ്രസംഗങ്ങളും നടത്തുന്നതും എത്രയും സന്ദർഭോചിതമായി രിക്കും. കടശിയായി നമ്മുടെ കർത്താവു ഈശോമ്ശിഹാ നമ്മെ ഏല്പിച്ചി രിക്കുന്ന അജ്ഞയുടെ ഈ മുന്തിരിത്തോട്ടത്തിൽ പ്രയത്നിക്കേണ്ടതു സഭാശേഷി കളായ നമ്മുടെ ഏവരുടേയും പ്രധാന കടമയാണെന്നും, ഈശോയെപ്രതി വിയർപ്പുകൊണ്ടും, ആവശ്യപ്പെട്ടാൽ രക്തംകൊണ്ടും, ഈ ഭൂമിയെ നാം നനച്ച ഫലവത്താക്കിതീർക്കേണ്ടതാണെന്നും നാം നിങ്ങളെ ഓർപ്പിക്കുന്നു. ഇ തിൽ അധിവസിക്കുന്ന അനേകായിരം ഹിന്ദുക്കളെ വിഗ്രഹാരാധനയുടെ ദാസ്യത്തിൽനിന്നു സത്യദൈവജ്ഞാനത്തിലേക്കും നമ്മളിൽനിന്നു പിരിഞ്ഞു പോയിട്ടുള്ള യാക്കോബായക്കാർ മുതലായവരെ വീണ്ടും സത്യതിരുസഭയി ലേക്കും കൂട്ടിക്കൊണ്ടുവരുന്നതിനായി നിങ്ങൾ ചെയ്യുന്ന എല്ലാ വേലകളേ യും നിങ്ങളേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

എന്ന് എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും
[illegible] മെയ് [illegible]-ാംനു-
എറണാകുളം വികാരി അപ്പസ്തോലിക്കാ
കണ്ടത്തിൽ ആഗുസ്തീനോസ് മെത്രാൻ.

N. B.- ഈ കല്പന കിട്ടീട്ട് അടുത്തുവരുന്ന ഞായറാഴ്ച പള്ളിയിൽ വായിച്ചു പരസ്യം ചെയ്തുകൊള്ളണം.

No. 31.

II.

ബ. സഹോദരരെ വാത്സല്യ മക്കളെ,

നമ്മുടെ കത്താവു് ഈശോമ്ശിഹായുടെ തിരുഹൃദയത്തോടുള്ള ഭക്തി മറെറല്ലാ ഭക്തികളെക്കാൾ പ്രധാനമായതാണെന്നും, അതു് തിരുസഭയിൽ എല്ലായിടത്തും പ്രചരിച്ച മേൽക്കുമേൽ വർദ്ധിച്ചവരുന്നുണ്ടെന്നും നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ. കത്താവിന്റെ ജനനം, ജീവിതം, മരണം, ഉയർപ്പു്, സ്വർഗ്ഗാരോഹണം മുതലായവ സംബന്ധിച്ചുള്ള പ്രധാന തിരുനാളുകളെല്ലാം അവിടുത്തെ തിരുഹൃദയം മനുഷ്യരുടെ നേരെ കാണിച്ചിട്ടുള്ള അളവറ സ്നേഹത്തെ അനുസ്മരിപ്പിക്കുകയും, ആ തിരുഹൃദയത്തിന്റെനേരെ പ്രതിസ്നേഹം കാണിപ്പാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മാസത്തിന്റെ ആദ്യവെള്ളിയാഴ്ചതോറും വിശുദ്ധകുർബ്ബാന ഉൾക്കൊള്ളുന്നതും; വിശുദ്ധകുർബ്ബാന എഴുന്നെള്ളിച്ചുവച്ചു് പരസ്യാരാധന നടത്തുന്നതും മറും തിരുഹൃദയത്തോടുള്ള ഭക്തിയുടെ ചില രൂപാന്തരങ്ങളാണു്. ഇങ്ങിനെ അനേക തിരുനാളുകൾ ആഘോഷിച്ചും പല ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചും തിരുഹൃദയത്തിന്റെനേരെയുള്ള ഭക്തി അഭ്യസിക്കുന്നതിനു തിരുസഭ നമ്മെ ഉപദേശിക്കയും ഉത്സാഹിപ്പിക്കയും ചെയ്യുന്നതിനു പുറമെ, കൊല്ലംതോറും ഒരുമാസം മുഴുവനും ഈ വിശിഷ്ടഭക്തിക്കായി സഭ പ്രതിഷ്ഠിച്ചിട്ടുണ്ടു്. ആ ജൂൺമാസത്തിലാണു് നാം ഇപ്പോൾ പ്രവേശിക്കുന്നതു്. ഈ അവസരത്തിൽ, ഈശോയുടെ തിരുഹൃദയവും നമ്മുടെ ആത്മാവും തമ്മിൽ എന്തു സംബന്ധമുണ്ടെന്നും, അവിടുത്തെ തിരുഹൃദയത്തോടു നാം എപ്രകാരം കടപ്പെട്ടിരിക്കുന്നുവെന്നും, ആ കടമ നാം എങ്ങിനെ നിർവ്വഹിക്കണമെന്നും അല്പം ആലോചിക്കേണ്ടിയിരിക്കുന്നു.

കത്താവിന്റെ മാറത്തു ചാരിക്കിടക്കുന്നതിനും അവിടുത്തെ ഹൃദയരഹസ്യങ്ങളെ കൂട്ടുതലായി ഗ്രഹിക്കുന്നതിനും ഭാഗ്യം സിദ്ധിച്ച യോഹന്നാൻശ്ലീഹാ ഇപ്രകാരം എഴുതിയിരിക്കുന്നു: "വചനം മാംസമായി, ദൈവപ്രസാദത്തിലും സത്യത്തിലും പരിപൂർണ്ണത പ്രാപിച്ചവനായി, നമ്മുടെ ഇടയിൽ വസിച്ചു ..... ആ പരിപൂർണ്ണതയിൽനിന്നു് നമുക്കെല്ലാവർക്കും ലഭിക്കുന്നു." (യോഹ. ൧ — ൧൪, ൧൬). എന്നുമാത്രമല്ല പരിശുദ്ധ ത്രീത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാനോടു സാതിശയമായി ചേർന്നിരുന്ന ഈശോയുടെ തിരുഹൃദയം സകല വരപ്രസാദങ്ങളാൽ നിറഞ്ഞിരുന്നു. അവിടുത്തെ തിരുഹൃദയത്തിൽനിന്നു ആ വരപ്രസാദങ്ങൾ വടിഞ്ഞൊഴുകി നമ്മിൽ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വീഴുകയും, നമ്മെ പാപത്തിൽനിന്നു

ശുദ്ധീകരിച്ച് സ്വർഗ്ഗരാജ്യത്തിൽ കൊണ്ടുചെന്നെത്തിക്കയും ചെയ്യുന്നു. ആ ദത്തിന്റെ പാപഫലമായി നമ്മുടെ ആത്മാവിൽ പ്രവേശിച്ച ജന്മപാപ ത്തിന്റെ കറയെ കഴുകികളഞ്ഞ് നമ്മളെ ദൈവത്തിന്റെ മക്കൾ ആക്കു ന്നതിനു മാമ്മോദീസായിൽ നൽകപ്പെട്ടുന്ന വരപ്രസാദവും മറ്റു വിശിഷ്ട ദാനങ്ങളും ഈശോയുടെ തിരുഹൃദയത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളതാണ്. നമ്മെ സത്യവിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനും, ആത്മീയശത്രുക്കളോ ടുള്ള യുദ്ധത്തിൽ വിജയികളാക്കുന്നതിനും മുമ്പിലത്തെ ഒപ്പുമുറിയിൽ നൽ കപ്പെട്ടുന്ന വരപ്രസാദവും തിരുഹൃദയത്തിൽനിന്നു പുറപ്പെട്ടുന്നതാകുന്നു. ദൈവപ്രമാണങ്ങളെ ലംഘിക്കുന്നതിനാൽ നമ്മുടെ ആത്മാവിലുണ്ടാകുന്ന പാപത്തെ നീക്കി, നമുക്കു നഷ്ടീടവിച്ച ആത്മീയാവകാശങ്ങളെ തിരിയെ തരുന്നതിനുവേണ്ടി കുമ്പസാരംവഴി നൽകപ്പെട്ടുന്ന ദൈവപ്രസാദവും തി രുഹൃദയത്തിൽനിന്നു പുറപ്പെട്ടുന്നതു തന്നെ. നമ്മുടെ ആത്മാവിനെ പോ ഷിപ്പിച്ചു ശക്തിയുള്ളതാക്കുന്നതിനും മ്ശിഹായോടു ഗാഢമായി ഐക്യപ്പെട്ടുത്തുന്നതിനും വിശുദ്ധകുർബാനയിൽ നൽകപ്പെട്ടുന്ന വരപ്രസാദവും തിരുഹൃദയത്തിൽനി ന്നുള്ളതാകുന്നു. ജീവകാലത്തിൽ ചെയ്തുപോയിട്ടുള്ള സകല പാപങ്ങ ളേയും അവയുടെ അവശിഷ്ടങ്ങളേയും ഇല്ലായ്മചെയ്ത് നമ്മുടെ ആത്മാക്ക ളെ വിശുദ്ധീകരിക്കുന്നതിനു അന്ത്യകൂദാശകൾവഴി നൽകപ്പെട്ടുന്ന വരപ്ര സാദവും തിരുഹൃദയത്തിൽനിന്നാണ്. മനുഷ്യരെ മ്ശിഹായുടെ പൌരോ ഹിത്യത്തിൽ പങ്കുകാരും വിശുദ്ധ കൂദാശകളുടെ ശുശ്രൂഷകന്മാരുമാക്കുന്ന തിനു തിരുപ്പട്ടംവഴി നൽകപ്പെട്ടുന്ന വരപ്രസാദവും തിരുഹൃദയത്തിൽനി ന്നാണ് കൈക്കൊള്ളുന്നതു്. സ്ത്രീപുരുഷന്മാരെ വേർതിരിക്കാൻ പാടില്ലാ ത്തവിധം ഗാഢമായി പരസ്പരം യോജിപ്പിക്കുന്നതും, സന്താനങ്ങളെ സൽ സ്വഭാവികളായി വളർത്തുന്നതിനു സഹായിക്കുന്നതുമായി വിവാഹത്തിൽ നൽകപ്പെട്ടുന്ന വരപ്രസാദവും തിരുഹൃദയത്തിൽനിന്നു ലഭിക്കുന്നതത്രെ. ഇ തു കൂടാതെ, നമ്മുടെ സൽകർമ്മങ്ങൾ ഓരോന്നിനെയും ദൈവത്തിനു ഇഷ്ട പ്പെട്ടതും സ്വർഗ്ഗീയാനന്ദപ്രാപ്തിക്കു യോഗ്യവുമാക്കിത്തീർക്കുന്നതിനു നിമി ഷംപ്രതി ധാരാളമായി നമ്മളിൽ വർഷിക്കപ്പെട്ടുന്ന വരപ്രസാദങ്ങളും തി രുഹൃദയത്തിൽനിന്നുള്ളതു തന്നെ. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ആത്മിക ജീവിതത്തിന്റെ ആദ്യനിമിഷം മുതൽ അവസാനസമയംവരെ ലഭിക്കുന്ന സകല വരപ്രസാദങ്ങളും മറ്റു വിശിഷ്ടദാനങ്ങളും ഈശോയുടെ തിരുഹൃദ യത്തിൽനിന്നു നമ്മുടെ ആത്മാക്കളിലേക്കു വടിഞ്ഞൊഴുകുന്നവയാകുന്നു.

ഇതിനാൽ നമ്മുടെ ആത്മികജീവിതം മുഴുവനും ഈശോമ്ശിഹായെ ആശ്രയിച്ചിരിക്കുന്നുവെന്നു സ്പഷ്ടമാകുന്നില്ലയൊ? അവിടുത്തോടു യോജി

ച്ചിരിക്കാതെയും അവിടുത്തെ സഹായം കൂടാതെയും നമ്മുടെ ആത്മാവിനു ഉപകാരപ്രദമായ യാതൊരു പ്രവൃത്തിയും ചെയ്യാൻ നമുക്കു സാധിക്കയില്ല. നമ്മുടെ കർത്താവു തന്നെ ഈ സംബന്ധം ഏറ്റവും ഹൃദ്യമായ ഒരു ഉപമയാൽ വെളിപ്പെടുത്തിയിട്ടുണ്ട്. "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ കൊമ്പുകളുമാകുന്നു; ആര് എന്നിൽ വസിക്കയും ഞാൻ ആരിൽ വസിക്കയും ചെയ്യുന്നോ ആയവൻ വളരെ ഫലം ജനിപ്പിക്കും, എന്തുകൊണ്ടെന്നാൽ എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ സാധിക്കയില്ല." (യോഹ. ൧൫ — ൫, ൬). ഈ ഉപമയിൽനിന്നു, കർത്താവും നമ്മുടെ ആത്മാവും തമ്മിലുള്ള സംബന്ധം, ഒരു തായിവൃക്ഷവും അതിന്റെ കൊമ്പുകളും തമ്മിലുള്ളതുപോലെയാണെന്നു തെളിവാകുന്നു. കൊമ്പുകളുടെ വളർച്ച മുഴുവനായിത്തന്നെ തായിവൃക്ഷത്തെയാണല്ലൊ ആശ്രയിച്ചിരിക്കുന്നതു്. അവയുടെ ജീവധാരണത്തിനും പോഷണത്തിനും ആവശ്യമായ സാധനങ്ങൾ തായിവൃക്ഷത്തിൽനിന്നു തന്നെ ലഭിക്കുന്നു. കൊമ്പുകൾ മുറിച്ചുകളഞ്ഞു് തായിവൃക്ഷവുമായുള്ള സംബന്ധം വേർപെടുത്തിയാൽ അവ ഉണങ്ങി നിർജ്ജീവങ്ങളായിത്തീരും. ഇപ്രകാരം തന്നെ നമ്മുടെ ആത്മാക്കൾ ഈശോയോടു ഐക്യപ്പെട്ടിരിക്കുമ്പോൾ, ആ തിരുഹൃദയത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന അത്മീയപോഷകദ്രവ്യങ്ങളായ വരപ്രസാദങ്ങൾ നമ്മുടെ ആത്മാക്കളിലേയ്ക്കു ഇടവിടാതെ ഒഴുകിക്കൊണ്ടിരിക്കുന്നു. അവിടുന്നു, സൽപ്രവൃത്തികൾ ചെയ്യാൻ നമ്മെ ഓരോ തവണയും പ്രേരിപ്പിക്കയും അവയുടെ നിർവ്വഹണത്തിൽ നമ്മോടു സഹകരിക്കയും, അവ ഫലപ്രദങ്ങളാകാൻ സഹായം നൽകുകയും ചെയ്യുന്നു. കർത്താവിന്റെ തിരുഹൃദയവും നമ്മുടെ ആത്മാക്കളും തമ്മിലുള്ള ഈ സംബന്ധം ഓർമ്മിപ്പിക്കുന്നതിനുവേണ്ടി തിരുഹൃദയഭക്തിനിയമത്തിൽ, "ഞങ്ങൾക്കെല്ലാവർക്കും സിദ്ധിച്ചിരിക്കുന്ന നന്മകളുടെ സമ്പൂർണ്ണനിധിയായ ഈശോയുടെ തിരുഹൃദയമെ" എന്നു ചൊല്ലുന്നതിനു തിരുസഭ നമ്മെ ഉപദേശിക്കുന്നു.

നമ്മുടെ ആത്മാവിനോടു ഇത്ര ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതും നമ്മുടെ ആത്മീയജീവനെ പൂർണ്ണമായി നയിക്കയും ഭരിക്കയും സഹായിക്കയും രക്ഷിക്കയും ചെയ്യുന്നതുമായ ഈ തിരുഹൃദയത്തോടു നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു! ഈ തിരുഹൃദയത്തെപ്പോലെ മറ്റു ഏതു ഹൃദയം നമ്മെ സ്നേഹിക്കുന്നുണ്ടു്! അവിടുന്നു ചെയ്യുന്നപോലെ മറ്റു ആരു് നമ്മിൽ ഇടവിടാതെ നന്മകൾ വർഷിക്കുന്നുണ്ടു്! അവിടുന്നു നമ്മുടെ നന്ദിയില്ലായ്മയെ ക്ഷമിക്കുന്നപോലെ മറ്റു ആരു നമ്മോടു ചെയ്യുന്നുണ്ടു്! ഇപ്രകാരമുള്ള ഈ തിരുഹൃദയത്തോടു നാം പ്രതിസ്നേഹവും പ്രതിനന്ദിയും കാണി

ക്കണ്ടയൊ? നമ്മുടെ വിചാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രഥമവും പ്രധാനവുമായ വിഷയം അവിടുന്നായിരിക്കണ്ടയൊ? അവിടുത്തെ ഹിതം അക്ഷരാർത്ഥം അനുവർത്തിക്കുന്നതിനു നാം സദാ സന്നദ്ധരായിരിക്കേണ്ടയൊ? അവിടുത്തെ മഹത്വത്തിനായി നമുക്കുള്ള സമസ്തവും, നമ്മുടെ ജീവൻതന്നെയും, ബലികഴിക്കാൻ നാം ഒരുക്കമുള്ളവരായിരിക്കേണ്ടയൊ? വാത്സല്യ മക്കളെ, അവിടുത്തെ സ്തുതിക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഈ മാസത്തിൽ പ്രസ്തുത ഭക്തി മറ്റു കാലങ്ങളിലെക്കാൾ കൂടുതലായി നിങ്ങൾ അഭ്യസിക്കണം. തിരുഹൃദയത്തിന്റെ രൂപം നിങ്ങളുടെ കുടുംബങ്ങളിൽ ഒരു പ്രധാന സ്ഥലത്തു ആഘോഷമായി പ്രതിഷ്ഠിച്ചുവെച്ചു് നിങ്ങളുടെ പ്രതിദിനപ്രാർത്ഥനകൾ എല്ലാം അതിന്റെ മുമ്പിൽ നടത്തണം. നിങ്ങളുടെ കുടുംബവും അതിലെ സകല കാര്യങ്ങളും തിരുഹൃദയത്തിനു പ്രതിഷ്ഠിക്കണം. അവിടുത്തേയ്ക്കു ഇഷ്ടമല്ലാത്ത യാതൊരുപ്രവൃത്തിയും കുടുംബാംഗങ്ങളിൽ ആരും ഒരിക്കലും ചെയ്യരുതു്. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും സൽപ്രവൃത്തികൾ ചെയ്തു തിരുഹൃദയത്തിനു സമർപ്പിക്കുവിൻ. അവിടുത്തെ സ്തുതിക്കായി നടത്തപ്പെടുന്ന എല്ലാ ഭക്തകൃത്യങ്ങളിലും നിങ്ങൾ പങ്കുകൊള്ളുവിൻ. നിങ്ങൾ ഇപ്രകാരമെല്ലാം ചെയ്യുന്നതായാൽ തിരുഹൃദയത്തോടുള്ള നിങ്ങളുടെ ഭക്തി പ്രതിദിനം വർദ്ധിക്കയും തിരുഹൃദയം നിങ്ങളെ എല്ലാവരെയും ആശീർവദിച്ചു് ഒരു നല്ലമരണം നൽകി മോക്ഷത്തിൽ കൊണ്ടുചെന്നു് ചേർക്കയും ചെയ്യും. ഈശോയുടെ തിരുഹൃദയത്തോടു നിങ്ങൾക്കുള്ള കടമകളെ ശരിയായി ഗ്രഹിക്കുന്നതിനും, ആ കടമകൾ യഥായോഗ്യം നിർവഹിക്കുന്നതിനും ആവശ്യമായ സകല സഹായങ്ങളും അവിടുന്നു നിങ്ങൾക്കു ധാരാളമായി തരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു നാം നിങ്ങളേവരേയും കർത്താവിൽ ആശീർവദിക്കുന്നു.

എന്നു് എറണാകുളത്തു് നമ്മുടെ അരമനയിൽനിന്നും

ഫർവറ മെയ് മാസം-൦൦൯

എറണാകുളം വികാരി അപ്പൊസ്തോലിക്കാ

കണ്ടത്തിൽ ആഗുസ്തീനോസ് മെത്രാൻ.

✠ ⲁⲡⲓⲥⲕⲟⲡⲟⲥ ⲛⲓⲙⲁⲛⲁⲡⲁⲣⲑⲉⲛⲟⲥ ⲁⲛⲟⲕ ⲁⲩⲅⲟⲩⲥⲧⲓⲛⲟⲥ ⲡⲉⲧⲣⲟⲥ ⲁⲛⲟⲕ.

N. B. ഈ ഇടയലേഖനം ഈ മാസത്തിന്റെ ഒടുവിലത്തെ ഞായറാഴ്ച പള്ളിയിൽ വായിച്ചു പർസ്യം ചെയ്യുകൊള്ളണം.

കച്ചേരിക്കായ്മ.

ക. ഇപ്പോൾ എല്ലാ വ്യാഴാഴ്ചയും കച്ചേരിഒഴിവു ദിവസമായിട്ടാണല്ലൊ നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ ഈ ഏർപ്പാടുകൊണ്ടു പലെ അസൌകര്യങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു. അതിനാൽ മേലിൽ വ്യാഴാഴ്ചയ്ക്കു പകരം എല്ലാ ശനിയാഴ്ചയും കച്ചേരി ഒഴിവായിരിക്കുന്നതും, വ്യാഴാഴ്ച കടമുള്ള തിരുനാൾ അല്ലാത്തപക്ഷം ആ ദിവസം കച്ചേരി ഉണ്ടായിരിക്കുന്നതുമാണു്. ഈ വിവരം ജനങ്ങളെയും അറിയിച്ചുകൊള്ളുണം.

ഖ. ആണ്ടുകുമ്പസാരത്തിന്റെ അവധി കഴിഞ്ഞാൽ പതിനഞ്ചുദിവസത്തിനകം ഓരോ ഇടവകയിൽനിന്നു് ആണ്ടുകുമ്പസാരത്തിന്റെ കടമ നിറവേറീട്ടില്ലാത്തവരുടെ പേരു് ഇവിടെ അയക്കണമെന്നു് ആത്മസ്ഥിതി പുസ്തകത്തെ സംബന്ധിച്ചുള്ള ക്രമ-നമ്പ്രു് കല്പനയുടെ നാലാംലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഇപ്പോൾ ആണ്ടുകുമ്പസാരത്തിന്റെ അവധി കഴിയാറായിരിക്കകൊണ്ടു് പ്രസ്തുതസംഗതിയിൽ ബ. വികാരി അച്ചന്മാരുടെ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണമെന്നു് ഓർപ്പിക്കുന്നു.

എന്ന കല്പനപ്രകാരം

എറണാകുളം
ക്രൻ൨൨ മെയ് ൨൫

സെക്രട്ടരി,
പയ്യപ്പിള്ളി മത്തായി കത്തനാർ.

പെത്തിസെമിനാരി.

ഈ ആണ്ടിൽ പുതുതായി പെത്തിസെമിനാരിയിൽ ചേരുന്നതിനു ആഗ്രഹിക്കുന്നവർ അവരവർ പഠിച്ചിരുന്ന സ്കൂളിലെയും മാനേജരിന്റെയും, ബോർഡിംഗിൽ താമസിച്ചിരുന്നവരാണെങ്കിൽ ബോർഡിംഗ് മാനേജരിന്റെയും, അവരവരുടെ ഇടവകയിലെ ബ. വികാരിയുടെയും സാക്ഷിപത്രങ്ങളോടു കൂടിയും, മാമ്മോദീസാ മുമ്പിലത്തെ ഒപ്പുശ്ശാ ഇവയുടെ സർട്ടിഫിക്കറുകളോടു കൂടിയും, ജൂൺമാസം ക്രി-ാംനു-ക്കകം എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ വന്നു കണ്ടു് അനുവാദം വാങ്ങി ചേർന്നുകൊള്ളേണ്ടതാണു്.

ടി. പെത്തിസെമിനാരിയുടെ റെക്ടർ,

എറണാകുളം,
ക്രൻ൨൨ മെയ് ൨൨

തെക്കുന്തല കുഞ്ഞുവൂസേപ്പു ക.

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM